പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3565 12/12/2014-ൽ മറുപടിയ്ക്ക്

"അങ്കമാലി-മഞ്ഞപ്ര ഗ്രാമ പഞ്ചായത്തിൽ അറവുശാല"

| ചോദ്യം<br>ശ്രീ. ജോസ് തെറ്റയിൽ | | മറുപടി<br>ഡോ.എം.കെ.മുനീർ<br>(ബഹു.പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
|---|---|---|---|
| | അങ്കമാലി നിയോജക മണ്ഡലത്തിലെ മഞ്ഞപ്ര ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥത യിലുള്ള സ്ഥലത്തു ആധുനിക രീതിയിലുള്ള അറവുശാല നിർമ്മിക്കുന്നതിനായി തുക അനുവദിച്ചു കിട്ടുന്നതിനു വേണ്ടി സമർപ്പിച്ചിട്ടുള്ള അപേക്ഷ പരിഗണിക്കുന്നതിലുള്ള കാല താമസം വിശദമാക്കാമോ ? | | മഞ്ഞപ്ര ഗ്രാമപഞ്ചായത്തിലെ ചാറ്റുപാടത്ത് പഞ്ചായത്ത് ഉടമസ്ഥതയിലുള്ള സ്ഥലത്ത് മിഷൻ 676 പദ്ധതിയിലുൾപ്പെടുത്തി ആധുനിക രീതിയിലുള്ള അറവ്ശാല സ്ഥാപിക്കുന്നതിന് 27.08.2014 ന് ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് ശുചിത്വ മിഷന് സമർപ്പിച്ചു. എന്നാൽ അറവുശാല നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ മണ്ണ് പരിശോധന നടത്തിയ റിപ്പോർട്ട് കൂടി ആവശ്യമുള്ളതിനാൽ മണ്ണ് പരിശോധന ഹെഡ് ഓഫ് ഡിപ്പാർട്ട്മെന്റ് സിവിൽ എഞ്ചിനീയറിംഗ് വിഭാഗം, തൃശ്ശൂർ ഗവ. എഞ്ചിനീയറിംഗ് കോളേജിനെ ചുമതലപ്പെടുത്തുന്നതിന് മഞ്ഞപ്ര ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. വിശദമായ പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് തുക അനുവദിക്കുന്നതിനുള്ള നിർദ്ദേശം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ